# ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. കൂട്ടായ്മ

## വി.എസ്.വി.എച്ച്.എസ്.എസ്.


### എഴുകോൺ


### *സ്പന്ദനം മാഗസിൻ*



# മികവിന്റെ പാതയിൽ

## മുന്നോട്ട്.....



# താളുകളിലൂടെ......

ആശംസകൾ
എഡിറ്റോറിയൽ
പഴഞ്ചൊല്ലുകൾ
നമ്മുടെ ദേശീയ പതാക
ദേശീയ ഗാനമുപയോഗിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ
എന്താണ് കമ്പ്യൂട്ടർ ?
തീവണ്ടി മുറിയിൽനിന്നും (കവിത)
കാറ്റ് പറഞ്ഞത് (കഥ)
മഹത് വചനങ്ങൾ
नमः भारत भूमिम् (संस्कृतं)
वर्षा आई, वर्षा आई (हिन्दीकवित)
प्रश्नोत्तरम् (संस्कृतम्)
കടപ്പാട്

# ആശംസകൾ

വിവേകോദയംവൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ക്ലബ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനാലാണ് ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി. കൂട്ടായ്മ.ഈ മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും മറ്റു കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ.

വിദ്യാർത്ഥിയുടെ സർഗ്ഗപരമായ കഴിവുകളും സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും ഇനിയും വികസിക്കട്ടെ എന്നാശംസിക്കുന്നു.

എന്ന്

ഹെഡ്മിസ്ട്രസ്

ജീജ .ജെ

# *എഡിറ്റോറിയൽ*

**എഡിറ്റർ ജിനി.എം.ലാൽ**

എഴുകോൺ വിവേകോദയം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് മികവാർന്ന രീതിയിൽ പ്രവർത്തിക്കുന്നു.**2018-19** അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റസിന്റെ ആഭിമുഖ്യത്തിൽ **സ്പന്ദനം** എന്ന പേരിൽ ഒരു ഡിജിറ്റൽമാഗസിൻ തയ്യാറാക്കുന്നു.

സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകുകയും കുട്ടികൾക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലകളായ ഗ്രാഫിക്സ്&ആനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിംഗ്,പൈത്തൺ പ്രോഗ്രാമിംഗ്,മൊബൈൽ ആപ്പ് നിർമാണം,റോബോട്ടിക്സ്,ഇലക്ട്രോണിക്സ്,ഹാർഡ് വെയർ,മലയാളം കമ്പ്യൂട്ടിംഗ്,ഡസ്ക്ടോപ്പ് പബ്ലിഷിംഗ്, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# പഴഞ്ചൊല്ലുകൾ

സനിക.എസ്



1. കണ്ണിനു കർപ്പൂരം:കാഴ്ച്ചയ്ക്ക് ആനന്ദകരം.

2.കണ്ണിനും കരളിനും:കാണാനും ചിന്തിക്കാനും.

3. കണ്ണ് തെളിക്കുക:പഠിപ്പിക്കുക.

4. എല്ലുമുറിയെ പണിയെടുക്കുക:കഠിന പ്രയത്നം ചെയ്യുക.

5. എടുത്ത പോറ്റിയെ മറക്കൊല്ല:സഹായിച്ചവരെ മറക്കരുത്.

6. എമ്പ്രാന്റെ വിളക്ക് വാര്യത്തെ അത്താഴം:ഒരു കാര്യത്തിനു വേണ്ടി ചെയ്യുന്ന പ്രവർത്തിയുടെ ഫലം മറ്റൊന്നിനു കൂടി ഉപകരിക്കുക.

7. ഒരു വെടിക്ക് രണ്ടു പക്ഷി:ഒരു പ്രവർത്തികൊണ്ട് രണ്ടു കാര്യം സാധിക്കുക.

8. ഒരു കൈ നോക്കുക:പരീക്ഷിച്ചു നോക്കുക,പ്രവർത്തിച്ചു നോക്കുക.

9. കൊടുത്താൽ കൊല്ലത്തും കിട്ടും:ദാന ശീലന് എവിടെ ചെന്നാലും സഹായം കിട്ടും.

10. അടക്കവും ഒതുക്കവും:വിനയവും ക്ഷമയും.

11. അസൂയ കക്ഷി:വലിയ അസൂയക്കാരൻ.

12. സമ്പത്ത് കാലത്ത് തൈ പത്തു വെച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം:നല്ല കാലത്ത് നല്ലത് ചെയ്താൽ ആപത്ത് കാലത്ത് ഗുണം ലഭിക്കും.

13. സത്യത്തിന് നാല് കാലുണ്ട്:സത്യം എന്നും ശാശ്വതമായിരിക്കും.

14. ഒരു കമ്പ് കടത്തി വെട്ടുക:എന്തും മുൻകൂട്ടി ആലോചിക്കുക.

15. ഒരു കടയിൽ രണ്ട് കച്ചവടം:ഒരു സ്ഥലത്ത് തന്നെ രണ്ടു വിധത്തിൽ പെരുമാറുക.

# നമ്മുടെ ദേശീയ പതാക

ശ്രീലക്ഷ്മി.എസ്



സ്വാതന്ത്ര്യദിനം,റിപ്പബ്ലിക് ദിനം തുടങ്ങിയ വിശേഷദിവസങ്ങളിൽ നമ്മുടെ വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ദേശീയ പതാക ഉയർത്തുമ്പോൾ നമ്മുടെ ഹൃദയം സന്തോഷത്താൽ നിറയാറില്ലേ.ദക്ഷിണ ധ്രുവത്തിൽ ഇന്ത്യൻ ദേശീയ പതാക നാട്ടിയത് എല്ലാ ഭാരതീയരിലും അഭിമാനമുയർത്തി.ദേശീയ ത്രിവർണ പതാക പാറുന്ന മന്ദിരങ്ങളുടെ പ്രൗഢി ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നു.



നമ്മിൽ ആത്മാഭിമാനം ഉണർത്തുന്ന ഈ ത്രിവർണ പതാകയുടെ പിന്നിലുള്ള ചരിത്രസ്മാരകങ്ങളെക്കുറിച്ച് നാം ചിന്തിക്കാറില്ല.നമ്മുടെ ദേശീയ പതാക ഇപ്രകാരം പാറിപ്പറക്കത്തക്ക സാഹചര്യം ഉണ്ടാക്കുവാൻ ആയിരക്കണക്കിന് ദേശസ്നേഹികളുടെ ജീവൻ ബലി കഴിക്കേണ്ടി വന്നിട്ടുണ്ട്.ദീർഘകാലം നീണ്ടു നിന്ന ഭാരത സ്വാതന്ത്ര്യ സമരം അതിന്റെ ഫലപ്രാപ്തിയുടെ പാരമ്യതയിലെത്തിയത് 1947 ആഗസ്റ്റ് പതിനഞ്ചാം തീയതി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി ദേശീയ പതാക ഉയർത്തപ്പെട്ടപ്പോഴാണ്.

# നമ്മുടെ ദേശീയ ഗാനമുപയോഗിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ

വിനയ.ബി



ദേശീയ പതാകയോടെന്നപോലെ തന്നെ ഗാനത്തോടും ആദരപൂർവം പെരുമാറുവാൻ ഓരോ പൗരനും കടപ്പെട്ടിരിക്കുന്നു.പ്രാധാന്യം അർഹിക്കുന്ന വിശേഷാൽ സന്ദർഭങ്ങളിൽ മാത്രമേ ദേശീയഗാനം ആലപിക്കാൻ പാടുള്ളൂ.ഒരു വ്യക്തി തനിച്ചോ,സമൂഹമായോ ദേശീയ ഗാനം ആലപിക്കാം.ഏതു വിധത്തിലായാലും പാടുന്ന വ്യക്തികൾ നല്ലവണ്ണം പരിശീലിച്ചതിനു ശേഷം മാത്രമേ പൊതു വേദികളിൽ ദേശീയ ഗൈനം പാടാവൂ.സമൂഹഗാനമായി അവതരിപ്പിക്കുമ്പോൾ ഗായകരുടെ ശബ്ദ സമരഞ്ജനം കൃത്യമായി ഉറപ്പു വരുത്തേണ്ടതുണ്ട്.നിന്നുകൊണ്ടുതന്നെ ദേശീയ ഗാനം ആലപിക്കണമെന്നുള്ളത് നിർബന്ധമാണ്.

ഗായകർ മാത്രമല്ല,ഗാനം ശ്രവിക്കുന്നവരും ദേശീയഗാനത്തെ ബഹുമാന പൂർവം പരിഗണിക്കേണ്ടതാണ്.എന്നാൽ ശബ്ദ സമരഞ്ജനം തത്ത്വംപാലിക്കണം.ദേശീയ ഗാനാലാപം തുടങ്ങുന്ന ഉടൻ തന്നെ സദസ്സിലുള്ള എല്ലാവരും എഴുന്നേറ്റ് അറ്റൻഷനായി നിൽക്കണം.ഗാനാലാപം അവസാനിക്കുന്നതുവരെയും അറ്റൻഷനായുള്ള നില തുടരണം.ജനഗണമന ഗാനത്തിൽ അഞ്ചു ചരണങ്ങൾ ഉണ്ടെങ്കിലും ആദ്യ ചരണത്തെ മാത്രമാണ് സാധാരണ ഗതിയിൽ ദേശീയ ഗാനമായി പരിഗണിക്കാറുള്ളത്.നിയമമനുസരിച്ചു പാടിയാൽ 52 സെക്കന്റ് കൊണ്ട് ഈ ചരണം പാടി തീർക്കാം.എന്നാൽ ചില സന്ദർഭങ്ങളിൽ ഒന്നാം ചരണത്തിലെ ആദ്യ വരിയും അവസാന വരിയും മാത്രം ആലപിച്ചാൽ മതി.ഈ വിധം ആലപിക്കുന്നതിന് 20 സെക്കന്റ് മതിയാവും.

ദേശീയ ഗാനത്തിന്റെ 52 സെക്കന്റ് കൊണ്ട് പാടി തീർക്കാവുന്ന പൂർണ രൂപവും,20 സെക്കന്റ് കൊണ്ടു പാടി തീർക്കാവുന്ന അപൂർണ രൂപവും ഏതേത് സന്ദർഭങ്ങളിൽ ആലപിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

# എന്താണ് കമ്പ്യൂട്ടർ ?

അഭിഷേക്.ജി



നമ്മുടെ വീട്ടിലെ ടെലിവിഷനും മൊബൈൽ ഫോണും പോലെ ഒരു ഇലക്ട്രോണിക് ഉപകരണം മാത്രമാണ് കമ്പ്യൂട്ടർ.എന്നാൽ വിവരങ്ങളെ കൈകാര്യം ചെയ്യാൻ [പ്രോസസ്] കഴിയും എന്നത് കമ്പ്യൂട്ടറിനെ മറ്റുപകരണങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാക്കുന്നു.അതായത് വിവരങ്ങൾ ശേഖരിച്ച് അവ പ്രോസസ്സ് ചെയ്ത് ഉപഭോക്താവിന്റെ ഇഷ്ടത്തിനനുസരിച്ച് ഔട്ട്പുട്ട് നൽകാൻ കമ്പ്യൂട്ടറിന് കഴിയും.ഇങ്ങനെ പ്രോസസ്സ് ചെയ്ത് ലഭിക്കുന്ന ഫലങ്ങൾ താത്കാലികമായോ സ്ഥിരമായോ സംഭരിച്ച് വയ്ക്കാനുംകമ്പ്യൂട്ടറിന് സാധിക്കും



പ്രധാനമായും അഞ്ചു ഘട്ടങ്ങളിലൂടെയാണ് കമ്പ്യൂട്ടറിന്റെ പ്രവർത്തനം കടന്നുപോകുന്നത്.ഇൻപുട്ട്,പ്രോസസ്സിംഗ് നിയന്ത്രണം,ഔട്ട്പുട്ട്,സംവരണം എന്നിവയാണവ.ഈ പ്രവർത്തനങ്ങൾക്കുട്ടിയിണക്കാൻ കമ്പ്യൂട്ടർ ഓരോ ഘട്ടത്തിലും ഓരോ ഉപകരണങ്ങളുടെ സഹായം തേടുന്നു.ഉദാഹരണമായി ഇൻപുട്ട് ചെയ്യാൻ കീബോർഡ്,പ്രോസസ്സ് ചെയ്യാൻ പ്രോസസ്സർ,ഔട്ട്പുട്ട് നൽകാൻ മോണിറ്റർ തുടങ്ങിയവ.അതിനുമുമ്പ് ഹാർഡ് വെയർ,സോഫ്റ്റ് വെയർ എന്നിവ എന്തിനെ സൂചിപ്പിക്കുന്നു എന്ന് അമുഖമായി മനസ്സിലാക്കിയിരിക്കുന്നത് നല്ലതായിരിക്കും.

# തീവണ്ടിമുറിയിൽ നിന്നും.........

ശ്രീലക്ഷ്മി.എസ്



തീവണ്ടിതൻ ഇരുളഴിയാമുറികളിൽ,
ഏകാന്തമായൊരു യാത്ര ...
എവിടേക്കാണെന്നറിയില്ല,എവിടെ
നിന്നാണറിയില്ല
തുടക്കമില്ല ഒടുക്കമില്ലാത്ത യാത്ര
ജീവിതമാം സമുദ്രത്തിൻ അലകളിൽ
പെട്ടുപോം എൻ ബാല്യം
തീവണ്ടി മുറികളിൽ
ബന്ധിച്ചതെന്റെ സ്വപ്നത്തെ
ദിക്കറിയാതെ കുതിക്കും ഈ
വണ്ടിതൻ മാറിൽ ഞാനിപ്പോഴുമൊരംഗം
വരൂ നീ സോദരീ എനിക്കു കൂട്ടായ്
ഇരുളിൽ വെളിച്ചമായി,പകരൂ നീ സ്നേഹം
ആരുണ്ട് എൻ വിളി കേളക്കാൻ
ആരുണ്ട് എൻ കൈ പിടിച്ചുയർത്താൻ
ഈ ഇരുളിനഘാതമാം മുറിയിൽ
ചൂളം വിളികൾ ഉയർന്നതാ പുകപോലുയരുന്നു
മാറിൽ നിന്നാബാല്യ സ്മരണയുടെ
ഒരു നൂറു സ്വപ്നങ്ങൾ കാലമാം തീവണ്ടിതൻ മുറികളിൽ
അറിയാതെ അകപ്പെട്ടു പോയെൻ ജീവിതം.
മൂവന്തിയിൽ മാനത്ത് മിന്നിയ താരകം.
ചോദിച്ചു എന്നോടായി.....
എവിടേക്കീ യാത്ര തീവണ്ടിതൻ
ഇരുളഴിയാ മുറിയിൽനിന്നും
എവിടേക്കീ ഏകാന്ത യാത്ര......

# കാറ്റ് പറഞ്ഞത്



ആദിത്യ.പി

വീശിക്കുതിച്ചെത്തിയ കാറ്റാണ് അത് പറഞ്ഞത്. അവന്റെയൊപ്പം ഒരു നാറ്റം ചേക്കേറിയിരിക്കുന്നു.ഇടയ്ക്കിടെ അവന്റെ കഴുത്തു ഞെരിക്കുന്നു.ശ്വാസം മുട്ടിക്കുന്നു.പുഴയിലും പൂക്കളിലും ചെന്നിരിക്കാൻനിർബന്ധിക്കുന്നു.മനുഷരും കാലികളുമുള്ള ഗ്രാമത്തിലൂടെ പറക്കാൻ ആജ്ഞാപിക്കുന്നു.എത്ര വഴതി മാറിയിട്ടും മലർന്നു കിടന്നിട്ടും വെട്ടിച്ച് വെട്ടിച്ച് വീശിയിട്ടും അവൻ പിടി വിടുന്നില്ല.

കാറ്റ് അൽപ്പമടുത്തേയ്ക്ക് ചേർന്നു നിന്നപ്പോൾ എനിക്കും അനുഭവപ്പെട്ടു.രൂക്ഷ ഗന്ധം.തല ചൊരുക്കുന്നതു പോലെ.എന്റെയവസ്ഥ മനസ്സിലാക്കിയ കാറ്റ് പെട്ടെന്നകന്നുമാറി മരക്കൊമ്മേപിലിരുന്നു.ഞാൻ ചോദിച്ചു ;എവിടെ വെച്ചാണ് ഇവൻ നിന്നെ കീഴടക്കിയത് ..? കാറ്റ് കുറേ നേരം ആലോചനയിലാണ്ടു.പിന്നെ പറഞ്ഞു.ഞാൻ പടിഞ്ഞാറൻ കുന്നിലെ പറങ്കി മാന്തോട്ടത്തിലൂടെ സ്ഥിരമായി വീശാറുണ്ട്.പഴുത്ത പറങ്കിമാങ്ങാ മണം എനിക്കെത്ര പഥ്യം....ഞാനോർക്കുന്നു,ദിവസങ്ങൾക്കു മുമ്പ് ഹെലികോപ്റ്ററുകൾ പറന്നു വന്നത്.അവയുടെ ലക്ഷ്യം ആ പറങ്കി മാന്തോപ്പുകളായിരുന്നു. കാറ്റ് സങ്കടപ്പെട്ടു ഞാൻ എങ്ങനെ ഇനി നിങ്ങളോടുകൂടും ....എന്റെ ദേഹം  മുഴുവൻ വൃത്തി കെട്ട നാറ്റം...എല്ലാരും എന്നെ വെറുക്കും...അകറ്റി നിർത്തും...ഇതിൽ നിന്നെനിക്ക് മോചനമുണ്ടെന്നു തോന്നുന്നില്ല...ഞാൻ ദൂരെ എവിടേക്കെങ്കിലും പോവ്വാ....എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. വിഷയ ബാധയേറ്റ കാറ്റ് കുഴഞ്ഞു കുഴഞ്ഞ് പറന്നു പോയി.സങ്കടം പറയാൻഇനി വരുന്നത് മഴയായിരിക്കുമോ....

# മഹത് വചനങ്ങൾ

ആർച്ച.എസ്



1. വിദ്യാഭ്യാസത്തിന്റെ ഒരു വശമാണ് ജ്ഞാനം.അത്ര തന്നെ പ്രധാനമായ ഒരു വശമാണ് ധർമ്മം -ടാഗോർ.

2. മനുഷ്യന്റെ ബുദ്ധി പൂർവ്വമായ അവലോകനങ്ങളെ അനുമതിയിലേക്കു പകരുന്ന ജീവിത ഘടകമാണ് കല – ടോൾസ്റ്റോയി.

3. ചീത്ത വർത്തമാനം കേട്ടാൽ പതറി പോകാത്ത ഒരാൾ നല്ല വർത്തമാനം കേട്ടാൽ മതിമറന്നാഹ്ലാദിക്കുകയില്ല – ഗാന്ധിജി.

4. ഭൂതകാലത്തെ ഭിത്തിയിൽ എഴുതുന്നതു പോലെ അത്ര എളുപ്പമല്ല വർത്തമാന കാലത്തെ അഭിമുഖീകരിക്കാൻ - ആശാൻ.

5. അസൂയ നിറഞ്ഞ ഒരു നാക്ക് പേപിടിച്ച ഒരു പട്ടിയുടെ പല്ലിനെക്കാൾ വിഷമുള്ളതാണ് - ഷേക്സ്പിയർ.

6. പ്രതികാരം ക്രൂരമായ നീതിയാണ് - ബേക്കൺ.

7. സ്വതന്ത്രമായി ആർജ്ജിച്ച അറിവിനോളം ആതിമ സംസ്തൃപ്തി നൽകുന്ന വിജ്ഞാനം മറ്റൊന്നില്ല – ജഫേഴ്സൺ.

8. പരാജയപ്പെട്ടുമെന്ന ഭയമുള്ളവർ തീർച്ചയായും തോൽപ്പിക്കപ്പെട്ടും -നെപ്പോളിയൻ.

9. അറിവുള്ളവന്റെ ഭയം അജ്ഞാനിയുടെ ഭയത്തേക്കാൾ ആപൽക്കരമായിരിക്കും - ഡോ.ചാൾസ് ഹിൽ.

10.നല്ല കാര്യത്തിൽ മാത്രമെ നേതാവിനെ അനുസരിക്കേണ്ടതുള്ളൂ - -മുഹമ്മദ് നബി

11. അന്യരുടെ കാര്യത്തിൽ ഇടപെടാതിരിക്കുക ഒന്നും ചെയ്യാതിരിക്കുന്നതിനേക്കാൾ കഷ്ടമാണ് - ഗ്രോഷ്യൽ.

# नमः भारत भूमिम्



नम गिरिजां नम गिरिशं
नम गणपतिदेवं
नम जननां नम जनकं
नम भारतभूमिम्
स्मर सीतां स्मर रामम्
स्मर मारुतिदेवं
स्मर कृष्णां स्मर पार्थं
स्मर भारतगाथाँ
पठ पाठं पठ काव्यं
पठ जीवनचरितं
शृणु स्तोत्रम् शृणु शास्त्रम्
शृणु सज्जनवचनं
वद सत्यं वद भद्रम्
वद बन्धुरवचनं
कुरु सेवां कुरु पूजा
कुरु मङ्.गलकार्यं
त्यज दौष्ट्यं त्यज शाठ्यं
त्यज दुर्जनसङ्.गं
भज देवं भज ध्येयं
भज संस्कृतभाषां



# वर्षा आई,वर्षा आई

वर्षा आई,वर्षा आई
नन्हीं -नन्हीं बून्देम लाई
रिमझिं-रिमझिम बरसा पानी
नाच उठी वर्षा की रानी
धरती पर हरियाली छाई
वर्षा आई,वर्षा आई








मेढक जल में शोर मचाते,
मोर जगत को नाच दिखाते,
पपीहे ने भी प्यास बुझाई
वर्षा आई,वर्षा आई






# प्रश्नोत्तरम्



१. यजुर्वेदस्य प्रतिपाद्यविषयः कः?

जातकर्मानुष्ठानं

२. केरलव्यासःइति प्रसिद्धःकविःकः?

कुञ्ञुक्कुट्टन् तम्पुरान्

३.महाभारतस्य आदिमं नाम किं?

जयम्

४.आदिकवि कः?

वाल्मीकि

५.आदिकाव्यं किं?

रामायणम्

# ചില നിമിഷങ്ങളിലൂടെ....






















Std: V


S.t.d :VII


Radha:R
IX:A
RollNo: 4


Pavi-R -Std-VII

# കടപ്പാട്

ലിറ്റിൽ കൈറ്റ്സ് മാഗസിൻ തയ്യാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അനിത ടീച്ചർക്കും ബീന ടീച്ചർക്കും ഒരായിരം നന്ദി..............

# സ്പന്ദനത്തിനു പിന്നിൽ.....

ജിനി.എം.ലാൽ

സനിക.എസ്

ശ്രീലക്ഷ്മി.എസ്

വിനയ.ബി

അഭിഷേക്.ജി

ശ്രീലക്ഷ്മി.എസ്

ആദിത്യ.പി

ആർച്ച.എസ്